LIBRARY ARCHIVES Kerala Legislative Assembly

വരവൂർ ഐ.ടി.ഐ.യുടെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

296 (961) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ വരവൂർ ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ബി) ഇവ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വരവൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണ കരാർ ഏറ്റെടുത്ത കരാറുകാരൻ പണി തുടങ്ങാത്ത സാഹചര്യത്തിലാണ് പ്രവൃത്തി മുടങ്ങിയത്.

(ബി) വർക്ക് ഏറ്റെടുത്ത കരാറുകാരൻ പണിതുടരാത്ത സാഹചര്യമുണ്ടായപ്പോൾ ടിയാളുടെ റിസ്ക് ആന്റ് കോസ്റ്റിൽ കരാറുകാരനെ മാറ്റി വർക്ക് റീ-അറേഞ്ച് ചെയ്യുന്നതിനായി പ്രവൃത്തി ഏറ്റെടുത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുകയും ഇതുസംബന്ധിച്ച് 20-5-2015-ൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതരുമായി ചർച്ച നടത്തുകയും നിർമ്മാണപ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ കെട്ടിട നിർമ്മാണ നടപടികൾ

297 (962) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ എം.ആർ.എസ്.-നുവേണ്ടി കെട്ടിടനിർമ്മാണ നടപടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കെട്ടിട നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കെട്ടിടനിർമ്മാണ നടപടികൾ പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?